**Lalith Babu**

# തണ്ടപ്പേർ നമ്പർ ( TP Number)

വില്ലേജിന്റെ പരിധിയിൽ ഭൂമിയുള്ളവരുടെ വിവരങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്ന രജിസ്റ്ററാണ് തണ്ടപ്പേർ രജിസ്റ്റർ. ലാൻഡ് റവന്യൂ ഇനത്തിൽ ഭൂവുടമയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കേണ്ട തുക സംബന്ധിച്ച കണക്കു സൂക്ഷിക്കുക എന്നതായിരുന്നു ഈ രാജിസ്ടരിന്റെ ലക്ഷ്യം. വില്ലേജിന്റെ പരിധിയിൽ ഭൂമിയുള്ള എല്ലാ `ഭൂവുടമകൾക്കും ഈ രജിസ്റ്റർ പ്രകാരം നൽകുന്ന ക്രമനമ്പറാണ് തണ്ടപ്പേർ നമ്പർ (TP Number). നികുതി അടച്ച വിവരങ്ങൾ, പോക്കുവരവ് (**Transfer of registry**) വിവരങ്ങൾ തുടങ്ങിയവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഭൂഉടമ തന്റെ സ്ഥലം മറ്റൊരാൾക്ക് കൈമാറുമ്പോൾ അതിനനുസരിച്ച് തണ്ടപ്പേർ രജിസ്റ്ററിലും മാറ്റങ്ങൾ വരുത്തുന്നു.

ഉദാ:- A എന്നൊരാൾ തന്റെ 25 സെന്റ് സ്ഥലത്ത് നിന്ന് 10 സെന്റ് സ്ഥലം B എന്നൊരാൾക്ക് വിറ്റാൽ A യുടെ തണ്ടപ്പേർ രേഖകളിൽ അയാളുടെ 25 സെന്റ് സ്ഥലത്തിൽ നിന്ന് 10 സെന്റ് കുറവ് (പോക്കു) വരുത്തിയ ശേഷം B യുടെ തണ്ടപ്പേർ രേഖകളിൽ 10 സെന്റ് വരവ് വയ്ക്കുന്നു. B യ്ക്ക് നിലവിൽ ആ വില്ലേജ് രേഖകളിൽ തണ്ടപ്പേർ നമ്പർ ഇല്ലായെങ്കിൽ പുതിയ തണ്ടപ്പേർ നമ്പർ നൽകുന്നു.

ഒരു വ്യക്തിക്ക് ആ വില്ലേജിന്റെ പരിധിയിൽ വിവിധ സ്ഥലങ്ങളിലായി എത്ര സ്ഥലങ്ങൾ ഉണ്ടെങ്കിലും ആ സ്ഥലത്തിന്റെയെല്ലാം വിവരങ്ങളും ഈ തണ്ടപ്പേർ രാജിസ്ടരിൽ ചേർത്തിയിരിക്കണം